മങ്ങളെ സംബന്ധിച്ചു ലഘുലേഖകൾ തയ്യാറാക്കി സംസ്ഥാനത്തുടനീളം വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അടങ്ങുന്ന ലഘുലേഖകൾ വിതരണത്തിനായി തയ്യാറാക്കിവരുന്നു. കൂടാതെ നിയമ സഹായ പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പരസ്യങ്ങൾ പത്രങ്ങൾമുഖേന നൽകുകയും വാൾപോസ്റ്ററുകൾ അച്ചടിച്ച് എല്ലാ കേന്ദ്രങ്ങളിലും എത്തിക്കുകയും അവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) നിയമബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും സൗജന്യ നിയമോപദേശം നൽകുന്നതിനുമായി അഡ്വക്കേറ്റുമാരുടെ സന്നദ്ധസേവനം ഇപ്പോൾത്തന്നെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിളിച്ചുകൂട്ടുന്ന ഗ്രാമസഭകളിൽ ജനങ്ങൾ അവശ്യം അറിയേണ്ട നിയമങ്ങളെ സംബന്ധിച്ചു ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വമേധയാ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയെയോ ജില്ലാലീഗൽ സർവ്വീസസ് അതോറിട്ടിയെയോ, സംസ്ഥാന അതോറിട്ടിയെയോ സമീപിക്കുകയാണെങ്കിൽ അതിനുവേണ്ടുന്ന ക്രമീകരണങ്ങൾ അവർ ചെയ്തുകൊടുക്കുന്നതാണ്.

131 (1735) ഗവൺമെന്റ് പ്ലീഡർമാരുടെയും എ.ജി.പി മാരുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളും

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരുടെയും എ.ജി.പി മാരുടെയും ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഭാഗക്കാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്;

(സി) സർക്കാർ കേസ്സുകൾ നടത്തുന്ന അഭിഭാഷകർക്ക് മറ്റ് അഭിഭാഷകർക്ക് ലഭിക്കുന്ന രീതിയിലുള്ള വേതനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ കളക്ടറേറ്റുകളിൽ ഗവൺമെന്റ് പ്ലീഡർമാരുടെ വേതനം കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെയും വേതനം നൽകുന്നതിനു നിലവിലുള്ള പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സർക്കാർ അഭിഭാഷകർക്ക് വേതനം നൽകുന്നത് കേരളാ ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻറ് കണ്ടീഷൻസ് ഓഫ് സർവീസ്) ആൻറ് കണ്ടക്റ്റ് ഓഫ് കേസ്സ് റൂൾ 1978 ൽ വിവക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമാണ് . കാലാകാലങ്ങളിൽ ആവശ്യമായ മാറ്റം ഈ റൂളിൽ വരുത്താറു മുണ്ട്.

(ഡി) ഇക്കാര്യത്തിന് ആവശ്യമായ പണം ലഭ്യമാക്കാൻ നടപടി സ്വീക രിച്ചു വരുന്നു.

132 (1736) ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് കലോറി മൂല്യമുള്ള ഭക്ഷണം നൽകാൻ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ കമ്മിഷന്റെ നിർദ്ദേശപ്രകാരം ഒരാൾ പ്രതിദിനം കഴിക്കുന്ന ആഹാരത്തിൽ എത്ര കലോറി ഉണ്ടായിരിക്കണമെന്ന് വ്യക്തമാ ക്കുമോ;

(ബി) സംസ്ഥാനത്ത് ഒരാൾക്ക് ശരാശരി എത്ര കലോറി ലഭിക്കു ന്നുണ്ട്;

(സി) ഐക്യരാഷ്ട്ര ജനസംഖ്യാ രക്ഷാനിധി (യു.എൽ.എഫ്.പി.എ) ലോകജനസംഖ്യ 600 കോടി കവിയുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ഒരാൾക്ക് ഇപ്രകാരം ശരാശരി എത്ര കലോറി ലഭി ക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ സർവ്വേ അനുസരിച്ച് ആവശ്യമായ കലോറിയുടെ 80 ശത മാനം പോലും ലഭിക്കാത്തവർ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം വരും;

(ഇ) തീർത്തും ദാരിദ്ര്യത്തിൽ കഴിയുന്നവർ സംസ്ഥാന ജനസംഖ്യ യുടെ എത്ര ശതമാനമാണ്;

(എഫ്) ആവശ്യത്തിന് കലോറി ലഭിയ്ക്കുന്നതിന് വേണ്ട ഭക്ഷണം കഴിക്കാനില്ലാത്തവർക്ക് അത് ലഭ്യമാക്കുവാൻ സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഒരാൾ പ്രതിദിനം കഴിക്കേണ്ട കലോറി (ഊർജ്ജം) അയാളുടെ പ്രായത്തിനും ലിംഗവ്യത്യാസത്തിനും തൊഴിലിന്റെ കാഠിന്യത്തിനും അനുസ രിച്ച് വ്യത്യസ്തമായിരിക്കും. എങ്കിലും പ്രായപൂർത്തിയായ ഒരു ശരാശരി പുരുഷന് ലഭിക്കേണ്ട ഊർജ്ജം 2425 കിലോ കലോറിയും, സ്ത്രീക്ക് ആവശ്യ മായ ഊർജ്ജം 1875 കിലോ കലോറിയും ആണ്.

(ബി) നാഷണൽ ന്യൂട്രീഷൻ മോണിറ്ററിംഗ് (NNMB) ബ്യൂറോയുടെ 96-ലെ റിപ്പോർട്ടിൻപ്രകാരം കേരളത്തിൽ ഒരു ശരാശരി പുരുഷൻ 2141 കിലോ കലോറി ഊർജ്ജവും ശരാശരി സ്ത്രീക്ക് 1756 കിലോ കലോറി ഊർജ്ജവും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly